# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

VOL. L - JK 5 | 2017 APRIL 9 | No. 5


### സർക്കുലർ – 11

## മെയ്ദിന സന്ദേശം – 2017

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരെ, സഹോദരിമാരെ, വത്സലമക്കളേ,*

മെയ് 1-ാം തീയതി തിങ്കളാഴ്ച തൊഴിലാളിമദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ നാം ആഘോഷിക്കുന്നു. സാർവ്വ ദേശീയ തൊഴിലാളി ദിനവുമാണ് അന്ന്. തൊഴിലാളിദിനത്തോടനു ബന്ധിച്ച് കെ.സി.ബി.സി. ലേബർ കമ്മീഷൻ പുറപ്പെടുവിച്ച മെയ്ദിന സന്ദേശം അയയ്ക്കുന്നു. ഈ സർക്കുലറിന്റെ ഉള്ളടക്കം **2017 ഏപ്രിൽ 30-ാം തീയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.**

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതി മെത്രാസനമന്ദിരത്തിൽ നിന്ന് 2017 ഏപ്രിൽ 9-ാം തീയതി.

എറണാകുളം
09.04.2017

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

# കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം 2017

മിശിഹായിൽ പ്രിയപ്പെട്ടവരേ,

1. തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിന്റെയും, തൊഴിലാളി ദിനമായി ആചരിക്കുന്ന മെയ്ദിനത്തിന്റെയും മംഗളങ്ങൾ എല്ലാവർക്കും പ്രത്യേകിച്ച് എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു.

**എന്താണ് തൊഴിൽ?**

2. ലോകത്തെ പൂർണതയിലേക്കു നയിക്കാൻ ദൈവം മനുഷ്യനു നല്കിയിരിക്കുന്ന വിലമതിക്കാനാകാത്ത ദാനമാണ് അദ്ധ്വാന ശേഷി. കായികശേഷിയും ചിന്താശേഷിയും സർഗശേഷിയും സമന്വയിപ്പിച്ച് മനുഷ്യൻ നടത്തുന്ന പ്രവൃത്തികളാണു മാനവ സമൂഹത്തെ പുരോഗതിയിലേക്കു നയിക്കുന്നത്. വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും സുസ്ഥിതി കൈവരുത്തുന്ന ഉപാധിയും തൊഴിൽ തന്നെയാണ്. തിരുസ്സഭയുടെ സംരക്ഷകൻ എന്ന വിശിഷ്ട സ്ഥാനം തൊഴിലാളി മദ്ധ്യസ്ഥനായ യൗസേപ്പിതാവിന് തിരുസ്സഭ നല്കി വണങ്ങുന്നത് (1870, ഒമ്പതാം പീയൂസ് പാപ്പ) ഈ പശ്ചാത്തല ത്തിലാണ്. തൊഴിലാളികുടുംബത്തിൽ ജനിച്ച് (മത്താ. 13:55), തൊഴിലാളിയായി ജീവിതംനയിച്ച് (മർക്കോ 6:3), പരസ്യ ജീവിതത്തിൽ തൊഴിലാളികളെ കൂട്ടുചേർത്ത് (മാർക്ക് 1:16-20) സമഗ്രവിമോചനത്തിന്റെ സദ്വാർത്ത ലോകംമുഴുവൻ എത്തിക്കാൻ യേശുവിന് സാധിച്ചു. അതിനാൽ, തന്റെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും സംരക്ഷകൻ താൻതന്നെയാണെന്ന തിരിച്ചറിവും, ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അദ്ധ്വാനിക്കുന്നവരോടൊപ്പംചേർന്ന് ക്രിസ്തുവിന്റെ വിമോചനദൗത്യം പൂർത്തിയാക്കുകയാണ് തന്റെ ദൗത്യമെന്ന അവബോധവുമാണ് ഓരോ തൊഴിലാളി ദിനാഘോഷത്തിൽ നിന്നും നാം സ്വന്തമാക്കേണ്ടത്.

**മെയ്ദിനം എന്ത്?**

3. മനുഷ്യർക്ക് തെല്ലും പ്രാധാന്യംനല്കാതെ അവരുടെ അധ്വാന ശേഷിയെ പരമാവധി പ്രയോജനപ്പെടുത്തി ലാഭം വർദ്ധിപ്പിച്ച് ധനശേഷി കൂട്ടാൻ വ്യവസായ ഉടമകൾ പ്രകടമാക്കിയ ആർത്തിക്കെതിരേയാണ് 1886-ൽ ചിക്കാഗോയിൽ തൊഴിലാളികൾ സംഘടിച്ചത്. തൊഴിലാളികൾക്ക് മനുഷ്യരായി ജീവിക്കാനുള്ള അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള പോരാട്ടമായിരുന്നു അത്. ദാരിദ്ര്യത്തിന്റെയും അടിമത്തത്തിന്റെയും ചൂഷണത്തിന്റെയും കുരുക്കുകൾ പൊട്ടിക്കാൻ തൊഴിലാളികൾ നടത്തിയ ചിക്കാഗോ സമരത്തിന്റെ സ്മരണയായിട്ടാണു മെയ് ഒന്ന് അന്താരാഷ്ട്ര തൊഴിലാളി ദിനമായി ആചരിച്ചു വരുന്നത്.

**തൊഴിലും സഭാപ്രബോധനങ്ങളും**

4. വ്യവസായ വിപ്ലവത്തിന്റെ ഫലമായി രൂപംകൊണ്ട അതികഠിനമായ സാമൂഹിക സാഹചര്യങ്ങളെ അതിജീവിക്കാൻവേണ്ടി തൊഴിലാളിസമൂഹത്തെ ശക്തിപ്പെടുത്താനായിരുന്നു ഭാഗ്യസ്മരണാർഹനായ ലിയോ പതിമൂന്നാമൻ പാപ്പ 1891-ൽ 'റേരും നൊവാരും' എന്ന ചാക്രികലേഖനം പ്രസിദ്ധീകരിച്ചത്. തിരുസ്സഭ എന്നും തൊഴിലാളികൾക്കൊപ്പമാണ് എന്ന ഒരു പ്രഖ്യാപനവുമായിരുന്നു അത്. അന്താരാഷ്ട്ര തൊഴിൽസംഘടന (ഐ.എൽ.ഒ.) ഉൾപ്പെടെ ദേശീയവും അന്തർദേശീയവും ആയ മിക്കവാറും എല്ലാ സംഘടനകളുടെയും, തൊഴിലാളിക്ഷേമത്തിനും അവകാശ സംരക്ഷണത്തിനായി ലോകമെങ്ങും പിന്നീട് രൂപം കൊണ്ടിട്ടുള്ള നിയമങ്ങളുടെയുമെല്ലാം പിന്നിലുള്ള മുഖ്യചാലകശക്തി 'റേരും നൊവാരും' തന്നെയാണ്. ലിയോ പതിമൂന്നാമൻ പാപ്പായ്ക്കുശേഷം തിരുസ്സഭയെ നയിച്ചിട്ടുള്ള എല്ലാ പരിശുദ്ധ പിതാക്കന്മാരും തങ്ങളുടെ പ്രബോധനങ്ങൾവഴിയും ഇടപെടലുകൾവഴിയും തൊഴിലാളികൾക്കു വേണ്ടി ശക്തമായി നിലകൊണ്ടവരാണ്. പരിശുദ്ധ ഫ്രാൻസിസ് പാപ്പായാകട്ടെ, നീതി നിഷേധിക്കപ്പെടുന്ന എല്ലാ ജനവിഭാഗങ്ങൾക്കുമൊപ്പം തന്റെ പ്രബോധനങ്ങൾവഴിയും അതിലേറെ തന്റെ ജീവിതവും സ്വാധീനവുംവഴിയും അനിതരസാധാരണമായ ചൈതന്യത്തോടെ നിലകൊള്ളുന്നു.

**അസംഘടിത തൊഴിലാളികൾ: ഒരു അവലോകനം**

5. നമ്മുടെ രാജ്യത്തിലെ മൊത്തം തൊഴിൽ ശക്തി നാല്പത്തൊമ്പത് കോടിയോളം വരും. ഇതിൽ 94 ശതമാനംപേരും തൊഴിൽസുരക്ഷ, സാമൂഹികസുരക്ഷ, നിയമപരിരക്ഷ എന്നിവ ലഭ്യമല്ലാത്ത അസംഘടിത തൊഴിലാളികളാണ്. കേരളത്തിൽ വിവിധകാലങ്ങളിലെ സർക്കാരുകൾ അസംഘടിത തൊഴിലാളികൾക്കായി രൂപപ്പെടുത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമപെൻഷനുകളും ക്ഷേമനിധിഫണ്ടുകളും മറ്റ് ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് ആശാവഹമായ സുരക്ഷാബോധം നല്കുന്നുണ്ട്. ഏറെ കാലമായി ട്രേയ്ഡ് യൂണിയനുകളും കെ.എൽ.എം.ഉം നിരന്തരമായി ആവശ്യപ്പെട്ടുവരുന്ന പല കാര്യങ്ങളിൽ ഒന്നായ ക്ഷേമപെൻഷനുകൾ ചുരുങ്ങിയത് 1000 രൂപയാക്കിയതും, വർഷം തോറും 100 രൂപയുടെ വർദ്ധനവ് നടത്താമെന്ന വാഗ്ദാനം പാലിച്ച് ബഡ്ജറ്റിൽ ഈ വർഷം തന്നെ ഉൾപ്പെടുത്തിയതും കേരള സർക്കാരിന്റെ ശ്ലാഘനീയവും ആശാവഹവുമായ പ്രവൃത്തിയാണ്. വിലക്കയറ്റം, അഴിമതി, രാഷ്ട്രീയ വർഗീയ വിവേചനം, കോർപ്പറേറ്റ് മേഖലകളുടെ അഭൂത പൂർവ്വമായ വളർച്ച മുതലായവയിലൂടെ ഇന്നത്തെ തൊഴിലാളികൾ പ്രത്യേകിച്ച്, അസംഘടിത തൊഴിൽമേഖലയിലുള്ളവർ ഏറെ കഷ്ടതകൾ നേരിടുന്നു. നിത്യോപയോഗവസ്തുക്കളുടെ വിലക്കയറ്റം തൊഴിലാളികളെ തളർത്തിയിരിക്കുന്നു. ഈ അവസരത്തിൽ ഇരുട്ടടിയായിട്ടാണ് പുതിയ റേഷൻ സമ്പ്രദായം നിലവിൽ വരുന്നത്. അസംഘടിത മേഖലയിലെ ഭൂരിപക്ഷം തൊഴിലാളികളും മുൻഗണനാ വിഭാഗത്തിൽ ഒഴിവാക്കപ്പെട്ടിരിക്കുന്നു. മത്സ്യത്തൊഴിലാളികളും ഗാർഹികത്തൊഴിലാളികളും കർഷകത്തൊഴിലാളികളുമെല്ലാം ഇതിലൂടെ റേഷൻസമ്പ്രദായത്തിനു പുറത്തായിരിക്കുന്നു. നോട്ടുനിരോധനത്തിലൂടെ തകർന്നടിഞ്ഞ തൊഴിൽമേഖല വറചട്ടിയിൽനിന്നും എരിതീയിലേക്ക് എന്ന അവസ്ഥയിൽ എത്തപ്പെട്ടിരിക്കുന്നു. രാജ്യത്തെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ 60 ശതമാനം അസംഘടിത മേഖലയുടെ സംഭാവനയാണ്. എന്നിട്ടും മനുഷ്യോചിതമായി കുടുംബത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ള പ്രതിഫലം, ഗ്രാന്റുകൾ, അലവൻസുകൾ, പെൻഷൻ, വിശ്രമം, ചികിത്സാനു

കൂല്യം, ആരോഗ്യപരമായ തൊഴിൽ സാഹചര്യം തുടങ്ങിയവ യെല്ലാം നിഷേധിക്കപ്പെട്ട് ആ മേഖലയിലുള്ളവർ പാർശ്വവത്ക്ക രിക്കപ്പെട്ടവരും ദരിദ്രരുമായി മാറിയിരിക്കുന്നു. രാജ്യത്തെ കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകളിൽ അസംഘടിത തൊഴിലാളി കൾക്ക് ജനസംഖ്യാനുപാതികമായി വേണ്ടത്ര വകയിരുത്ത ലുകൾ ഉണ്ടാകുന്നില്ല.

6. രാഷ്ട്രം വേഗത്തിൽ വളരുന്നുണ്ടെങ്കിലും വികസനത്തിന്റെ സദ്ഫലങ്ങൾ സമൂഹത്തിന്റെ താഴെത്തട്ടിലേക്ക് വിതരണം ചെയ്യപ്പെടുന്നില്ല എന്നാണു സ്ഥിതിവിവരക്കണക്കുകൾ വിശദമാക്കുന്നത്. സ്വത്തിന്റെ വലിയ തോതിലുള്ള കേന്ദ്രീ കരണം ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുകയാണ്. രാജ്യത്തെ ഒരു ശതമാനം വരുന്ന അതിസമ്പന്നർ രാജ്യത്തെ മുഴുവൻ സ്വത്തിന്റെയും 58.4 ശതമാനവും കയടക്കിയിരിക്കുന്നു (*ഓക്സ്ഫാം റിപ്പോർട്ട് 2016).* പൊതുസ്വത്ത് തട്ടിയെടുത്ത് രാജ്യം വിടു ന്നവരും ലക്ഷം കോടികളുടെ നികുതിയിളവ് നേടിയെടുക്കുന്ന കോർപ്പറേറ്റുകളും പണത്തിന്റെ ബലത്തിൽ നിയമത്തെയും അധി കാരികളെയും കൂടെനിർത്തുന്ന സമ്പന്നരും സ്വത്ത് വാരികൂട്ടി നിറയ്ക്കുമ്പോൾ അതിൽനിന്നും വീഴുന്നവകൊണ്ടുമാത്രം വിശ പ്പടക്കേണ്ട ഗതികേടിലേക്ക് ഈ രാജ്യത്തെ അടിസ്ഥാന തൊഴി ലാളി സമൂഹം നിപതിച്ചിരിക്കുന്നു. ആയിരക്കണക്കിനു കോടിരൂപയുടെ വായ്പയെടുത്ത് മനഃപൂർവം തിരിച്ചടക്കാത്ത വൻകിടക്കാരുടെ പേരുവിവരങ്ങൾ സുപ്രീം കോടതി ആവശ്യ പ്പെട്ടിട്ടുപോലും ലഭ്യമാക്കാത്ത അധികാരികൾ പതിനായിരങ്ങൾ കടമെടുത്തിട്ട് പരാധീനതകൾമൂലം തിരിച്ചട ക്കാനാകാത്ത സാധാരണക്കാരെ ജപ്തിയും സർഫാസി നിയമവും കുടിയി റക്കലും പ്രയോഗിച്ച് കഷ്ടത്തിലാക്കുന്നത് യാതൊരു തരത്തിലും ന്യായീകരിക്കാനാകില്ല. മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തങ്ങളുടെ ആജ്ഞാനുവർത്തികളാക്കി തൊഴിലാളി യൂണിയ നുകളെ മാറ്റിയതിനാൽ പ്രതിരോധത്തിന്റെ പ്രതീക്ഷയും നഷ്ട മായിരിക്കുന്നു. കേന്ദ്ര ട്രെയ്ഡ് യൂണിയനുകൾ കൂടുതൽ ഉത്തരവാദിത്വത്തോടെ ചുമതലകൾ നിർവഹിക്കാൻ തയ്യാറാ കാൻ ഇത്തരുണത്തിൽ ആഹ്വാനംചെയ്യുന്നു. ഈ സാഹചര്യ

ത്തിൽ തൊഴിലാളികൾക്കുവേണ്ടിയുള്ള സഭയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തിപകരണം.

**അസംഘടിതതൊഴിലാളികളും സഭയും**

7. അസംഘടിത തൊഴിലാളികളുടെ ഇടയിലുള്ള പ്രവർത്തനങ്ങൾ സഭയുടെ പ്രേഷിതത്വത്തിന്റെ പ്രധാന ശ്രദ്ധാകേന്ദ്രമായി മാറേണ്ടതുണ്ട്. കെ.സി.ബി.സി. തൊഴിൽ കാര്യ കമ്മീഷന്റെ കീഴിലുള്ള കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനം ഇതിനായി എല്ലാ രൂപതകളിലും ഊർജ്ജിതമാക്കണം. സി.ബി.സി.ഐ. ലേബർ കമ്മീഷന്റെ തൊഴിലാളി സംഘടനയായ വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ അംഗസംഘടനയാണു കെ.എൽ.എം. എല്ലാ ഇടവകകളിലും കെ.എൽ.എം. യൂണിറ്റുകൾ സമയബന്ധിതമായി രൂപീകരിക്കണം. തൊഴിലാളി ശുശ്രൂഷാരംഗത്ത് പ്രവർത്തിക്കാനായി പ്രേഷിത ചൈതന്യവും സമർപ്പണബുദ്ധിയും നേതൃത്വപാടവവുമുള്ള അല്മായരെ കണ്ടെത്തി പരിശീലനം നല്കണം. വൈദികരും സന്ന്യസ്തരും തൊഴിലാളി ശക്തീകരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നല്കണം. വിവിധ വിഭാഗം അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായി കെ.എൽ.എം.ന്റെ നേതൃത്വത്തിൽ എട്ട് തൊഴിലാളി ഫോറങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. നിർമ്മാണത്തൊഴിലാളി, തയ്യൽതൊഴിലാളി, ഗാർഹികത്തൊഴിലാളി, മത്സ്യത്തൊഴിലാളി, മോട്ടോർ വാഹന തൊഴിലാളി, കർഷകത്തൊഴിലാളി, ചെറുകിടതോട്ടം തൊഴിലാളി, പീടികത്തൊഴിലാളി എന്നീ ഫോറങ്ങളാണ് പ്രധാനമായും പ്രവർത്തിക്കുന്നത്. ഇവയിലൂടെ എല്ലാ മതവിഭാഗങ്ങളിലും ഉൾപ്പെട്ട തൊഴിലാളികൾക്ക് പരിശീലനങ്ങളും സഹായങ്ങളും കെ.എൽ.എം. നല്കിവരുന്നു. അസംഘടിതതൊഴിലാളികൾക്ക് സർക്കാർ നല്കുന്ന സാമൂഹിക സുരക്ഷാ അംഗത്വം ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ എല്ലാവർക്കും എളുപ്പത്തിൽ ലഭ്യമാക്കുവാനായി വിവിധ തൊഴിലാളി ഫോറങ്ങൾ വഴി സാധിക്കുന്നു. അതിനാൽ മേൽസൂചിപ്പിച്ച തൊഴിൽ വിഭാഗങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ എല്ലാ രൂപതകളും ഇടവകകളും ഏറ്റെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

8. സഭയുടെ സ്ഥാപനങ്ങളിലും സംവിധാനങ്ങളിലും തൊഴിൽ ചെയ്യുന്നവർക്ക് നിലവിലെ സാമൂഹികസാമ്പത്തിക സാഹചര്യങ്ങളെ അതിജീവിക്കാനുള്ള പശ്ചാത്തല സൗകര്യങ്ങൾ അനുകമ്പാപൂർണമായ മനോഭാവത്തോടെ സൃഷ്ടിച്ചുനല്കാൻ കഴിയണം. സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾക്ക് അനുസൃതമായാണു സഭയിലെ എല്ലാ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കണം. ഇക്കാര്യവുമായി ബന്ധപ്പെട്ടാണു കെ.സി.ബി.സി. പീപ്പിൾ മാനേജ്മെന്റ് പോളിസി പുറത്തിറക്കിയിരിക്കുന്നത്. സി.ബി.സി.ഐ. ലേബർ കമ്മീഷനും സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച ഒരു മാർഗരേഖ പുറത്തിറക്കിയിട്ടുണ്ട്. സഭാ സ്ഥാപങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ രൂപപ്പെടുത്തുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ഒത്താശകൾ നല്കാൻ കെ.എൽ.എം.നെയാണു കെ.സി.ബി.സി. ചുമതലപ്പെടുത്തിയിരിക്കുന്നത്. എല്ലാ രൂപതകളും സന്ന്യാസ സമൂഹങ്ങളും ഇക്കാര്യത്തിൽ വേണ്ട നടപടികൾ താമസംവിനാ സ്വീകരിക്കുന്നത് നീതിയെ സംബന്ധിച്ച് സാരാംശപരമാണ്. നമ്മുടെ നാടിന്റെ സാമ്പത്തിക സാഹചര്യങ്ങളെ മെച്ചപ്പെടുത്തുന്ന ഒരു വിഭാഗമാണ് സ്വകാര്യമേഖലയിലെ സംരംഭകരും വിവിധ തൊഴിൽ ദാതാക്കളും. അവരുടെകൂടെ ജോലി ചെയ്യുന്നവരെയും അവരുടെ കുടുംബാംഗങ്ങളെയും പരിഗണിക്കുന്നതും, ജീവിതകാലംമുഴുവൻ സ്ഥാപനത്തിന്റെ ഭൗതികവളർച്ചയ്ക്കായി അധ്വാനിക്കുകയും ജീവിതം നഷ്ടപ്പെടുത്തുകയുംചെയ്യുന്ന തൊഴിലാളികളുടെ വാർദ്ധക്യകാല സാഹചര്യങ്ങളിലും സുരക്ഷയേകുന്ന രീതിയിൽ വേതനവും മറ്റ് തുടർആനുകൂല്യങ്ങളും നിശ്ചയിച്ചു നല്കണം.

**ഇതരസംസ്ഥാനത്തൊഴിലാളികൾ**

9. കേരളത്തിൽ ഏകദേശം മുപ്പതുലക്ഷത്തോളം ഇതരസംസ്ഥാന തൊഴിലാളികൾ ജോലിയെടുക്കുന്നു എന്നാണ് കണക്ക്. ഇവരോട് കുറച്ചുകൂടി അനുകമ്പാപരമായ സമീപനം കേരള സമൂഹം സ്വീകരിക്കേണ്ടതുണ്ട്. ഇവരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഈ വിഭാഗം തൊഴിലാളികളുടെ അവകാശസംരക്ഷണവും ക്ഷേമവും

ലക്ഷ്യമാക്കിക്കൊണ്ട് രജിസ്ട്രേഷൻ നടത്തുന്നതിനായി വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെയും കെ.എൽ.എം.ന്റെയും ആഭിമുഖ്യത്തിൽ ഒരു വെബ് പോർട്ടൽ (www.wifmdm.com) ദേശീയ തലത്തിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എല്ലാ രൂപതകളിലും വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകൾ തുറക്കുകയും ഈ അവസരം പ്രയോജനപ്പെടുത്തുകയും ചെയ്യണം.

**സമഗ്രവീക്ഷണം**

10. വിപണിയുടെ അദൃശ്യശക്തികളെയും അദൃശ്യകരത്തെയും നമുക്കിനി ഒട്ടും വിശ്വസിക്കാനാവുകയില്ല. നീതിയിലുള്ള വളർച്ചയ്ക്ക് സാമ്പത്തിക വളർച്ച മുൻകൂട്ടി വേണമെങ്കിലും അതിനെക്കാൾ കൂടുതൽ പലതും ആവശ്യമാണ്: വരുമാനത്തിന്റെ കൂടുതൽ നല്ല വിതരണം, തൊഴിലിനുള്ള ഉറവിടങ്ങളുടെ സൃഷ്ടി, ലളിതമായ ഒരു ക്ഷേമമനോഭാവത്തിനപ്പുറം പോകുന്നതും ദരിദ്രർക്കു വേണ്ടിയുള്ളതുമായ ഒരു സമഗ്ര വളർച്ച എന്നിവയിലേക്ക് പ്രത്യേകമായി തിരിച്ചുവിട്ടിട്ടുള്ള തീരുമാനങ്ങളും കർമ്മപരിപാടികളും സംവിധാനങ്ങളും പ്രക്രിയകളും അതിന് ആവശ്യമാണ് *(ഫ്രാൻസിസ് പാപ്പ, സുവിശേഷ ത്തിന്റെ സന്തോഷം, 204).* ഇന്ന് വളർന്നുവന്നിരിക്കുന്ന അസമത്വം ദുരീകരിച്ചാൽമാത്രമേ നീതിയും സമാധാനവും സാധ്യമാകൂ. ഇതിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. അതിനായി രാജ്യത്തെ മുഴുവൻ തൊഴിലാളികൾക്കും ആരോഗ്യ ഇൻഷുറൻസ്, അപകട ഇൻഷൂറൻസ്, പെൻഷൻ പദ്ധതി എന്നിവ സൗജന്യമായോ പങ്കാളിത്തത്തോടെയോ നടപ്പിലാക്കണം. ഈ മേഖലയിൽ ഇപ്പോൾ നിലവിലുള്ള പദ്ധതികൾ കൂടുതൽ ലളിതവും ആകർഷകവുമാക്കേണ്ടതുണ്ട്. എല്ലാ തൊഴിലാളി കുടുംബങ്ങൾക്കും സ്വന്തമായി വീട് ലഭ്യമാക്കാനുള്ള പദ്ധതിക്ക് രൂപംനല്കാൻ സർക്കാർ മുൻകൈ എടുക്കണം. പണമുള്ളവർമാത്രം ഉന്നത വിദ്യാഭ്യാസം നേടുന്ന നിലവിലെ സാഹചര്യം അസംഘടിത തൊഴിലാളിയുടെ കുട്ടികളുടെ ഉപരിപഠനം അസാധ്യമാക്കുന്നു. ഇതിനെ അതിജീവിക്കാൻ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സംവരണവും സ്കോളർഷിപ്പും നൽകാൻ സർക്കാർ നടപടി സ്വീകരിക്കണം. കേരളത്തിൽ നിലവിലുള്ള ക്ഷേമനിധി

ബോർഡുകളുടെ പ്രവർത്തനം കൂടുതൽ സജീവമാക്കണം. ആനുകൂല്യങ്ങൾ വെട്ടിക്കുറക്കുന്നതിനുപകരം പ്രതിസന്ധികളെ അതിജീവിക്കാൻ തക്കവിധം സഹായങ്ങൾ വർദ്ധിപ്പിക്കണം. മുഖ്യധാര ട്രേഡ് യൂണിയനുകൾ അമിത രാഷ്ട്രീയ അടിമത്വം വെടിഞ്ഞ് തൊഴിലാളിപക്ഷത്തുനിന്ന് നിലപാടുകൾ സ്വീകരിക്കണം.

11. അവകാശങ്ങളെക്കുറിച്ച് ചിന്തിക്കാനുള്ള അവസരമായിമാത്രം തൊഴിലാളിദിനത്തെ പരിമിതപ്പെടുത്തരുതെന്നാണ് തൊഴിലാളികളോട് അഭ്യർത്ഥിക്കാനുള്ളത്. ഓരോ തൊഴിലാളിയും തങ്ങളുടെ തൊഴിൽ സത്യസന്ധതയോടെ നിർവഹിക്കേണ്ടതുണ്ടെന്നു മറക്കരുത്. കർഷകൻ ഉൾപ്പെടെ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ഏവരും ഏതു സാഹചര്യങ്ങളിലും ജീവിതാവസ്ഥയിലും അവർ ചെയ്യുന്ന തൊഴിലുകളെ അഭിമാനത്തോടെ ഏറ്റുപറയാൻ സന്നദ്ധരുമാകണം. വിഭവങ്ങളുടെ മിതമായ വിനിയോഗം, സ്ഥാപനത്തിന്റെ സുസ്ഥിതി, തൊഴിൽദാതാവിനോടുള്ള ആദരം, ഏറ്റെടുത്ത തൊഴിലിന്റെ ഗുണപരവും സമയ ബന്ധിതവുമായ പൂർത്തീകരണം എന്നിവയും തൊഴിലാളിയുടെ കടമയാണെന്ന കാര്യം മറക്കരുത്. കൂടാതെ പ്രതിസന്ധിനിറഞ്ഞ സാഹചര്യങ്ങളെ അതിജീവിക്കാൻ സ്വയം കരുത്താർജ്ജിക്കുകയും ലഭ്യമാകുന്ന സാധ്യതകൾ പ്രയോജനപ്പെടുത്തുകയും വേണം. വിളക്കിൽ എണ്ണകരുതാതിരുന്ന സ്ത്രീകൾ തെരഞ്ഞെടുക്കപ്പെടാതെ പോയതായ ഉപമ സുവിശേഷത്തിൽ നാം വായിക്കുന്നു (മത്താ 25: 112). സാഹചര്യങ്ങൾ മുന്നിൽകണ്ട് കരുതൽ എടുക്കേണ്ടതിന്റെ പ്രാധാന്യമാണ് ഇതിലൂടെ നാം മനസ്സിലാക്കേണ്ടത്. ക്ഷേമനിധികൾ, പെൻഷൻ സ്കീമുകൾ, ഇൻഷുറൻസ് പദ്ധതികൾ, സ്വയം സഹായ സംഘങ്ങളിലൂടെയുള്ള ശക്തീകരണപ്രവർത്തനങ്ങൾ തുടങ്ങിയവയിലുള്ള പങ്കാളിത്തത്തിലൂടെ കരുതലെടുക്കേണ്ടതും, തന്റെ തൊഴിൽമേഖലയിൽ പ്രാവീണ്യവും വൈദഗ്ദ്യവും വർദ്ധിപ്പിക്കാൻ പരിശീലനങ്ങൾ നേടേണ്ടതും ഓരോ തൊഴിലാളിയുടെയും കടമയാണ്. ഐ.ടി. മേഖല പോലുള്ള ആധുനിക തൊഴിൽസാഹചര്യങ്ങളിൽ വ്യക്തിജീവിതവും കുടുംബം പോലും അവഗണിച്ചുള്ള അധ്വാനരീതികളും അപകടവും ശ്രദ്ധാപൂർവ്വം പരിഹരിക്കപ്പെടേണ്ടതുമാണ്.

12. തൊഴിലാളിയും തൊഴിൽദാതാവും തങ്ങളുടെ അവകാശങ്ങളെയും കടമകളെയും ഒരേ നാണയത്തിന്റെ ഇരുപുറങ്ങളായിക്കണ്ട് പരസ്പര സഹകരണത്തിന്റെയും ബഹുമാനത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കണം. രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന അസംഘടിത തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യം വയ്ക്കാൻ സർക്കാരും ഭരണാധികാരികളും സ്ഥാപന ഉടമകളും തയ്യാറാകണം. പണത്തെക്കാളും ലാഭത്തെക്കാളും മൂല്യവും മഹത്ത്വവും തൊഴിലിനും തൊഴിലിന്റെ ഉടമയായ മനുഷ്യനും നല്കണം. കാരണം, തൊഴിലിലല്ല മഹത്വം അടങ്ങിയിരിക്കുന്നത്; അതു ചെയ്യുന്ന മനുഷ്യനിലാണ്.

13. തൊഴിലാളിദിനത്തിന്റെ ആശംസകളും വിശുദ്ധ യൗസേഫിന്റെ മാധ്യസ്ഥ്യവും പ്രാർത്ഥനകളും ഒരിക്കൽ കൂടി നേരുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവത്തിന്റെ അനുഗ്രഹവും കൃപയും നിങ്ങൾ ഏവരോടുംകൂടെ ഉണ്ടാകട്ടെ.

മിശിഹായിൽ സ്നേഹപൂർവം,

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
(ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

**ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

**ബിഷപ് ഡോ. ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

## സർക്കുലർ – 12

# മഞ്ഞുമ്മൽ കർമലീത്താ ധ്യാനകേന്ദ്രം (CRC) അരനൂറ്റാണ്ടിന്റെ സുവിശേഷ പ്രഘോഷണശോഭയിൽ

*യേശുവിൽ പ്രിയ സഹോദരവൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

കേരളക്കരയിൽ വിതയ്ക്കപ്പെട്ട സുവിശേഷവചനത്തിലൂടെ മുള പൊട്ടിയ വിശ്വാസിസമൂഹത്തെ പടുത്തുയർത്താൻ ദൈവം നിയോഗിച്ചയച്ചതിലൂടെ ദൈവത്തിന്റെ ഈ നാടിന് ലഭിച്ച സനേഹസമ്മാനമാണ് കർമലീത്താമിഷണറിമാരുടെ സാന്നിദ്ധ്യം. കർമലീത്തരായ സ്ഥാദ്ധ്യക്ഷന്മാരിലൂടെ കേരളസഭാനൗകയെ നയിക്കുവാൻ വിളിയുണ്ടായത് വരാപ്പുഴ അതിരൂപതയ്ക്കുമാണ്. മിഷണറിമാരുടെ ആ മഹാപാരമ്പര്യത്തിന്റെ പിൻതുടർച്ചക്കാരാകുവാൻ ദൈവം നമ്മുടെ അതിരൂപതയിൽ നട്ടുവളർത്തി പരിപോഷിപ്പിച്ച തദ്ദേശീയരായ പ്രഥമ പുരുഷ സന്ന്യാസിസമൂഹമാണ് മഞ്ഞുമ്മൽ കർമ്മലീത്താസഭ. കേരള കത്തോലിക്കാ സഭാമക്കൾക്ക് മഞ്ഞുമ്മൽ കർമ്മലീത്താസഭയുടെ സേവനം വിസ്മരിക്കാനാവില്ല. കാലാകാലങ്ങളിൽ സഭയിൽ ഉയർന്നുവന്ന വിശ്വാസപ്രതിസന്ധികളുടെ മുന്നിൽ അവയെ പ്രതിരോധിക്കാനും പരിഹരിക്കാനും പ്രദർശിപ്പിച്ച ആത്മീയശക്തി എന്നും കേരളസഭ ആദരപൂർവം സ്മരിക്കും. അവരുടെ സുവിശേഷ പ്രഘോഷണ ശുശ്രൂഷ കേരളസഭയെ വിശ്വാസവഴിയിൽ നടക്കാനും ക്രൈസ്തവ കുടുംബനവീകരണം ഉണ്ടാവാനും വളരെ സഹായിച്ചിട്ടുണ്ട്. ആത്മീയകാര്യങ്ങളിൽ മാത്രമല്ല, വൈദ്യശാസ്ത്രമേഖലയിലും സാഹിത്യത്തിലും കലയിലും തനതായ സംഭാവന നൽകാൻ ഈ സന്ന്യാസികൾക്ക് കഴിഞ്ഞിട്ടുണ്ട്.

മഞ്ഞുമ്മൽ കർമലീത്താ സന്ന്യാസികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഒരു ആദ്ധ്യാത്മീകകേന്ദ്രമാണ് കാർമൽ റിട്രീറ്റ് സെന്റർ (സി.ആർ.സി.). ഈ ധ്യാനകേന്ദ്രത്തിന് 50 വയസ്സ് തികയുന്ന സുവർണ വേളയിൽ കേരളസഭയ്ക്കും സമൂഹത്തിനും ഈ ആദ്ധ്യാത്മിക ഉറവ

സാധ്യമാക്കിയ ഹരിതശോഭയെ ഓർമ്മയിലുണർത്തി ദൈവത്തിനു നന്ദിപറയാം. കേരളത്തിൽ നടന്നിട്ടുള്ള അനവധി ആത്മീയ മുന്നേറ്റങ്ങളിൽ എന്നും പ്രധാനമായ പങ്കും പ്രവർത്തനവും കാഴ്ചവയ്ക്കുവാൻ ഈ ധ്യാനകേന്ദ്രത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ആരംഭം, സഭയുടെ വൈവിധ്യമാർന്ന ശുശ്രൂഷകൾക്ക് സഹായകമാകുന്ന കെട്ടിട സമുച്ചയത്തിന് പ്രിയോർജനലായിരുന്ന പെരിയ ബഹു. ഫ്രാൻസിസ് ഗ്രിഗരി അച്ചാരുപറമ്പിലച്ചൻ 1962-ൽ പ്രാരംഭം കുറിച്ചതോടെയാണ്. ഭാഗികമായി പൂർത്തിയാക്കപ്പെട്ട ഈ മന്ദിരത്തിൽ 1964 മുതൽ അല്മായർക്കുള്ള ആത്മീയശുശ്രൂഷകൾ ചെയ്തുതുടങ്ങി. നിർമാണപൂർത്തീകരണത്തിനായി ഇടപെട്ടത് സാമൂഹ്യപ്രതിബദ്ധതയും സേവനതൽപരതയും കൈമുതലാക്കിയ ക്രാന്തദർശിയായ ബഹു. ജെറോം പയ്യപ്പിള്ളി ഒ.സി.ഡി. അച്ചനാണ്. സ്നേഹസ്മരണാർഹനായ ജോസഫ് അട്ടിപ്പേറ്റിപിതാവിന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിന് നിയോഗിക്കപ്പെട്ടിരുന്നതും ജറോമച്ചനായിരുന്നു എന്നത് സ്മർത്തവ്യം. വ്യവസായ മേഖലയായ ഏലൂർ കേന്ദ്രീകരിച്ചുള്ള നിരവധി കമ്പനികളിലെ തൊഴിലാളികൾക്ക്, അവരുടെ ബഹുമുഖങ്ങളായ ഉന്നമനത്തിനായി ഈ മന്ദിരം തുറന്നുകൊടുക്കാൻ പ്രേരിപ്പിച്ചതും അച്ചൻതന്നെ. അപ്രകാരം 1967 മുതൽ കാർമൽ റിട്രീറ്റ് കം വർക്കേഴ്സ് സെന്റർ (സി.ആർ. ഡബ്ല്യു.സി) എന്ന നാമത്തിൽ അറിയപ്പെടുന്നത്. അവകാശങ്ങളെക്കുറിച്ചുമാത്രം ചിന്തിച്ചിരുന്ന തൊഴിലാളി വർഗ്ഗത്തിന് കടമകളെക്കുറിച്ചുകൂടി ചിന്തകൾ പ്രദാനം ചെയ്യുന്നതിൽ സി.ആർ.സി. ശ്രദ്ധചെലുത്തി. തൊഴിലാളികൾക്കായി ധ്യാനങ്ങൾ, സെമിനാറുകൾ, ബൈബിൾ പഠനശിബിരങ്ങൾ തുടങ്ങിയവ ഈ ധ്യാനകേന്ദ്രത്തിലൂടെ നൽകിയിരുന്നു. സാധാരണക്കാർക്ക് നിരവധി തൊഴിൽ മേഖലകൾ തുറന്നുകൊടുക്കാനും, അവരുടെ അവകാശങ്ങൾക്കായി പരിഹാരമുണ്ടാക്കാൻ വേണ്ടി കൊച്ചിൻ കമ്പനീസ് ആക്ട് അനുസരിച്ച് ഒരു ട്രേഡ് യൂണിയൻ സമാരംഭിക്കുന്നതിൽ ഫാ. ബൊനവെന്തൂർ, ഫാ. ജെറോം പയ്യപ്പിള്ളി എന്നിവരുടെ പങ്ക് അനുസ്മരണീയമാണ്.

ധ്യാനകേന്ദ്രമായി വളർന്നുതുടങ്ങിയതോടൊപ്പം മറ്റൊരു ചരിത്രനിയോഗവും സി.ആർ.സി.ക്ക് ലഭിയ്ക്കുകയുണ്ടായി. ഇന്ന് സുവർണ

ജൂബിലി നിറവിലെത്തിയിരിക്കുന്ന കേരള കത്തോലിക്കാസഭയുടെ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന്റെ (പി.ഒ.സി.) ആസ്ഥാനകേന്ദ്ര മായി പ്രവർത്തിക്കാനുള്ള നിയോഗമായിരുന്നു അത്. ഇപ്രകാരം 1968 മുതൽ 1970-71 വരെയുള്ള കാലയളവിൽ കേരളസഭയെ സേവിക്കാ നായതിന്റെ ഓർമ്മ സി.ആർ.സി. കുടുംബത്തിന് അഭിമാനമാണ്.

മഞ്ഞുമ്മൽ ധ്യാനകേന്ദ്രമാണ് കേരളത്തിലെ ആദ്യത്തെ കരി സ്മാറ്റിക് നവീകരണകേന്ദ്രം. കേരളത്തിൽ അറിയപ്പെടുന്ന ആത്മീയ കേന്ദ്രങ്ങളുടെ  മാതാവായി മഞ്ഞുമ്മൽ ധ്യാനകേന്ദ്രത്തെ വിശേഷി പ്പിക്കാം. 1967-ൽ നോട്ടർഡാമിലെ ഏതാനും കത്തോലിക്കാ വിദ്യാർത്ഥി കൾക്ക് നൽകപ്പെട്ട പരിശുദ്ധാത്മാവിന്റെ വരദാനങ്ങളിലൂടെ ലോകം മുഴുവൻ ആഞ്ഞടിച്ച  നവീകരണത്തിന്റെ കൊടുങ്കാറ്റ് കേരളത്തി ലേയ്ക്ക് എത്തിയപ്പോൾ അതിനെ ആത്മനാ സ്വീകരിച്ച് കേരളക്രൈ സ്തവ സഭയ്ക്ക് നൽകാൻ കേന്ദ്രമായത് മഞ്ഞുമ്മൽ ധ്യാനകേന്ദ്രമാ ണ്. അതുണ്ടാക്കിയ ആത്മീയ പ്രസരണവും ജീവിതവ്യതിയാനവും വചനപാഠവും വിശ്വാസ ജീവിതം ആഴപ്പെടാൻ സഹായിച്ചു. ബഹു മാന്യനായ ഫാ. സെബാസ്റ്റ്യൻ മുണ്ടഞ്ചേരി ഒ.സി.ഡി.യുടെ ആത്മാർത്ഥ മായ സുവിശേഷ സേവനം വിസ്മരിക്കാവുന്നതല്ല.

മഞ്ഞുമ്മൽ ധ്യാനകേന്ദ്രത്തിൽ വലിയ ജനപങ്കാളിത്തത്തോടെ നടത്തപ്പെട്ടിരുന്ന മാനസാന്തരജാഗരണപ്രാർത്ഥനയും കർമലമാതാ വിന്റെ മദ്ധ്യസ്ഥത്തിരുന്നാളും, വർഷംതോറുമുള്ള  ആദ്ധ്യാത്മിക സമ്മേളനത്തിന് വഴിയൊരുക്കി. മരിയൻ വർഷത്തെത്തുടർന്ന് 'മറിയ ത്തോടൊത്ത് ധ്യാനിച്ചിടാം, ദൈവാത്മാവാൽ നിറഞ്ഞിടാം' എന്ന ആപ്തവാക്യത്തോടെ 1988 മെയ് 15-22 വരെ മരിയൻ കൺവെൻഷൻ നടത്തപ്പെട്ടു.  തുടർന്ന് ആഗോളസഭയുടെ ദശവത്സര സുവിശേഷവ ത്ക്കരണ യജ്ഞത്തിലുള്ള സി.ആർ.സി.യുടെ ദൗത്യനിർവ്വഹണ ത്തിന്റെ ഭാഗമായി 'യേശുവിന്റെ സുവിശേഷം ധ്യാനിക്കുക, ജീവി ക്കുക, പ്രഘോഷിക്കുക' എന്ന ആഹ്വാനത്തോടെ 2000-മാണ്ടുവരെ ആഘോഷിച്ച മഞ്ഞുമ്മൽ സുവിശേഷമഹോത്സവം അനിർവ്വ ചനീയമായ അനുഗ്രഹങ്ങളുടെ നാളുകളായിരുന്നു.

ദൈവാനുഗ്രഹത്താലും പരിശുദ്ധകർമലമാതാവിന്റെ സുവിശേഷമധ്യസ്ഥത്താലും വചനശുശ്രൂഷയുടെ അമ്പതാണ്ടുകൾ പിന്നിടുന്ന **സി.ആർ.സി.യുടെ ഒരു വർഷം നീണ്ടുനിന്ന സുവർണജൂബിലിയാഘോഷം 2017 ഏപ്രിൽ 19 മുതൽ 23 വരെയുള്ള ദിനങ്ങളിൽ നടത്തപ്പെടുന്ന മഞ്ഞുമ്മൽ സുവിശേഷമഹോത്സവത്തോടെ പരിസമാപ്തിയിലെത്തുകയാണ്. കൃതജ്ഞതാനിർഭരമായ സുവർണജൂബിലിയുടെ ആഘോഷങ്ങളിൽ പങ്കുചേരാൻ എല്ലാ വിശ്വാസികളെയും ഞാൻ ആഹ്വാനം ചെയ്യുന്നു.** അനുഗ്രഹപൂർണമായ 50 വർഷത്തെ സുവിശേഷ ശുശ്രൂഷയുടെയും സൗഖ്യത്തിന്റെയും ഫലം ഓരോ വ്യക്തിയുടെയും ആത്മാവിലുള്ള നവീകരണമാണ്. കുടുംബനവീകരണത്തിന് പ്രാധാന്യം നൽകിക്കൊണ്ട്, ഇക്കാലഘട്ടത്തിന്റെ പ്രതിസന്ധികളാൽ തളർച്ച ബാധിക്കുന്ന കുടുംബങ്ങൾക്ക് സൗഖ്യവും സമാധാനവും നൽകാൻ ദൈവകൃപയിൽ ആശ്രയിച്ച് പ്രതിജ്ഞാബദ്ധരായി ഈ ആത്മീയകേന്ദ്രം എന്നും നിലകൊള്ളട്ടെ; വിശ്വാസത്തിന്റെ പ്രകാശഗോപുരമായി സഭാസമൂഹത്തിന് ആത്മീയ നേർക്കാഴ്ച പകരുവാൻ മഞ്ഞുമ്മൽ ധ്യാനകേന്ദ്രത്തിന് കഴിയട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു.

പൈതൃകാശിർവാദങ്ങളോടെ എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽനിന്ന്, 2017 ഏപ്രിൽ 9-ാം തീയതി.

എറണാകുളം                                    ✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
09.04.2017                                    വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

## സർക്കുലർ - 13

# 54-ാം ലോകദൈവവിളി ദിനം
# 2017, മെയ് 7

### കെ.സി.ബി.സി. വൊക്കേഷൻ കമ്മിഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

### അയയ്ക്കപ്പെടേണ്ടവർ

മിശിഹായിൽ പ്രിയ സഹോദരങ്ങളെ,

2017 മെയ് 7-ാം തിയ്യതിയാണ് ആഗോള കത്തോലിക്കാസഭ ദൈവവിളികൾക്കുവേണ്ടിയുള്ള പ്രാർത്ഥനാദിനമായിട്ട് പ്രത്യേകം മാറ്റിവെച്ചിട്ടുള്ളത്. ഈ അവസരത്തിൽ ഫ്രാൻസിസ് മാർപാപ്പ നൽകുന്ന പ്രത്യേക സന്ദേശത്തിലെ ചില ഭാഗങ്ങൾ കേരളസഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. പ്രത്യേകിച്ചും സമർപ്പിത ശുശ്രൂഷാമേഖലകൾ ഇന്ന് കേരളത്തിൽ അനുഭവിക്കുന്ന പൊള്ളുന്ന യാഥാർത്ഥ്യങ്ങൾക്കുമുന്നിൽ സമചിത്തത യോടെയും തുറന്ന മനസ്സോടെയും ദൈവവിളികളെയും അവയുടെ വളർത്തുപ്രദേശങ്ങളെയും കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. ദൈവവിളി യുടെ കാര്യത്തിൽ ഒരുപക്ഷേ ആഗോളസഭയിൽ തന്നെ ഇത്രയും വ്യത്യസ്തതയും ഇത്ര കണ്ട് തീക്ഷ്ണതയും പ്രകടിപ്പിക്കുന്ന മറ്റൊരു ഭൂവിഭാഗവും ഇല്ലാത്തതിനാൽ നമ്മുടെ ചിന്തകൾക്കും ധ്യാനങ്ങൾക്കും അവിടെനിന്നും ഉരുത്തിരിയുന്ന പ്രവർത്തനങ്ങൾക്കും ഒരു ആഗോള മാനവും ശക്തിയും ഉണ്ട്. സേവനോന്മുഖമായ ഈ മേഖലയിൽ കർത്തവ്യനിരതരായിരിക്കുന്ന നമുക്ക് ഫ്രാൻസിസ് മാർപാപ്പയോ ടൊപ്പം ധ്യാനിക്കാം.

മൂന്ന് സുവിശേഷ ഭാഗങ്ങളെ ആസ്പദമാക്കിയാണ് പരിശുദ്ധ പിതാവ് ധ്യാനം ക്രമ പ്പെടുത്തിയിരിക്കുന്നത്. അത് മൂന്നും ക്രിസ്തീയ മിഷണറി വിളിയുമായി ബന്ധപ്പെട്ടതുമാണ്. എല്ലാ ക്രിസ്ത്യാനികളും സുവിശേഷത്തിന്റെ മിഷണറിമാരാണെന്ന് പാപ്പ നിസ്സംശയം വ്യക്തമാക്കുന്നു. "ശിഷ്യന്മാരുടെ സമൂഹത്തെ ഉജ്ജീവിപ്പിക്കുന്ന സുവിശേഷ സന്തോഷം പ്രേഷിതവൃത്തിപരമായ ഒരു സന്തോഷ മാണ്." (സുവിശേഷത്തിന്റെ സന്തോഷം, 21) ഇതുതന്നെയാണ് സകല ക്രിസ്തീയ വിശ്വാസികളുടെയും വിളിയും.

പ്രേഷിതപ്രവർത്തനമെന്ന ദൗത്യം ക്രിസ്തീയ ജീവിതത്തിലേയ്ക്ക് കൂട്ടിച്ചേർക്കപ്പെട്ടതോ വിഘടിച്ച് നിൽക്കുന്നതോ ആയ ഒന്നല്ല. മറിച്ച് അത് വിശ്വാസത്തിന്റെ തന്നെ അത്യന്താപേക്ഷിതമായ ഘടകമാണ്. അതുകൊണ്ടുതന്നെ ക്രിസ്തീയ വിളി എന്നത് പ്രേഷിത പ്രവർത്തനത്തിലേക്കുള്ള വിളി തന്നെയാണ്. 'അശുദ്ധമായ അധരങ്ങളുള്ളവരെയും അങ്ങനെയുള്ളവരുടെ കൂടെ വസിക്കുന്നവരെയും' തിരഞ്ഞെടുത്ത്, ശുദ്ധിചെയ്ത് അവർക്ക് അവിടുന്ന് കരുത്ത് പകരുന്നെങ്കിൽ അത് ക്രിസ്തുവിനുവേണ്ടി അയയ്ക്കപ്പെടാൻ തന്നെയാണ്. പൗരോഹിത്യവൃത്തിയിലേയ്ക്ക് നിസ്വാർത്ഥമായി തയ്യാറായി വന്നിരിക്കുന്നവർ ദേവാലയത്തിന്റെ വിശുദ്ധ സീമകളിൽനിന്നും ദൈവകരുണയുടെ ആർദ്രസ്നേഹം ഒഴുകുന്നിടത്തേയ്ക്ക് ഇറങ്ങിച്ചെല്ലേണ്ടവർ തന്നെയാണെന്ന് പൗരോഹിത്യത്തെ സ്മരിച്ചുകൊണ്ട് 2016-ൽ മാർപാപ്പ പറഞ്ഞത് ഇവിടെ നമ്മൾ ഒന്നുകൂടി ഓർമ്മിച്ചെടുക്കുന്നു. ഇത് പുരോഹിതന്മാർക്ക് മാത്രമല്ല സകലവിധ സന്യസ്തർക്കും ഉചിതമായ ചിന്തയാണ്. തങ്ങൾ തിരിച്ചറിഞ്ഞ അമൂല്യ നിധി മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ തയ്യാറായവരും അതിനാൽ തന്നെ ഇതിന് കടപ്പെട്ടവരുമാണ്.

എന്താണ് വാസ്തവത്തിൽ ഈ പ്രേഷിതപ്രവർത്തനം? മൂന്ന് സുവിശേഷ ഭാഗങ്ങളിലൂടെ പാപ്പ അത് വിശദീകരിക്കുന്നു. എല്ലാ ക്രിസ്ത്യാനികളും സുവിശേഷത്തിന്റെ മിഷണറിമാരാണെന്നും ക്രിസ്തുവിനെ കൊണ്ടുപോകുന്നവരാകണമെന്നും പാപ്പ നിർദ്ദേശിക്കുന്നു. Every Christian is a Christopher: കർത്താവിനെ കൊണ്ടുപോകുന്നവർ.

"കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രർക്ക് സുവിശേഷം പകരുവാനായി അവിടുന്ന് എന്നെ നിയോഗിച്ചിരിക്കുന്നു" (ലൂക്ക 4:18-19) എന്നാണ് ലൂക്കാ സുവിശേഷകനിലൂടെ കർത്താവ് തന്റെ ജീവിതത്തിന്റെ അടയാളവും ദൗത്യവും വ്യക്തമാക്കുന്നത്. കർത്താവിന്റെ ആത്മാവ് തന്റെമേൽ ഉള്ളവൻ, നിയോഗിക്കപ്പെട്ടവൻ. ഏതൊരു ക്രിസ്ത്യാനിയും കൂദാശകളിലൂടെ സ്വീകരിച്ച പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ജീവിതത്തിന്റെ ദൗത്യമായി സുവിശേഷം ഏറ്റെടുക്കേണ്ടതുണ്ട്. ദൈവാത്മാവിനാൽ നിറയുവാനും അപരന്റെ ഉന്നമനത്തിന്റെ സുവിശേഷം അവർക്ക് എത്തിച്ചുകൊടുക്കുവാനും ഓരോ ക്രിസ്ത്യാനിയും നിയോഗിക്കപ്പെട്ടതാണ്.

തിരുവചനത്തിലേയ്ക്കും ദിവ്യകാരുണ്യത്തിലേയ്ക്കും നമ്മെ കൊണ്ടെത്തിക്കുന്ന "തെരുവിന്റെ ആരാധനാക്രമമാണ്" മാർപാപ്പ എടുത്തുകാണിക്കുന്ന മറ്റൊന്ന്. എമ്മാവൂസ് യാത്രയിലെ ശിഷ്യന്മാരോടുചേർന്ന് കൂടെ നടന്നുകൊണ്ട് നിരാശയുടെ ഇരുളിനുമപ്പുറം പ്രത്യാശയുടെ പ്രഭാതങ്ങൾ കാട്ടിത്തരുന്ന ക്രിസ്തുവാണ് നമ്മുടെ ശക്തിയും ധൈര്യവും.

അധികാരേച്ഛയും മതഭ്രാന്തും സ്വജനപക്ഷപാതവും തുടങ്ങി സുവിശേഷ മൂല്യങ്ങൾക്കെതിരെ നിൽക്കുന്നവ സംഘടനാശൈലിയിലും പ്രവർത്തനരീതിയിലും നിറയുമ്പോൾ സേവനമോ പ്രേഷിതത്വമോ അല്ല മറിച്ച് മത്സരിക്കാനും കീഴടക്കാനുമുള്ള ത്വരയാണ് പ്രത്യക്ഷപ്പെടുക. അവിടെ പ്രസ്പഷ്ടമാകേണ്ടത് ദൈവം വളർത്തുന്ന നല്ല വിത്തുകളാണ്. വിത്തുവിതച്ച് രാപ്പകൽ കാത്തിരുന്നിട്ട് ദൈവം മുളപ്പിക്കുന്നത് കണ്ട് ദൈവത്തിന് കൃതജ്ഞതയർപ്പിക്കുന്നവരെപ്പോലെ നമ്മുടെ പരാധീനതകൾക്കുമപ്പുറം ദൈവം വളർത്തുന്ന പുതുനാമ്പുകൾ കണ്ട് ദൈവത്തിന് നന്ദി പറയാനാവണം നമുക്ക്.

ഇതിനൊക്കെയും വേണ്ടത് നിശബ്ദമായി പ്രവർത്തിക്കുന്ന ദിവ്യാത്മാവിനോടുള്ള തുറവിയാണ്. ദിവ്യകാരുണ്യനാഥനോടുചേർന്ന് ചിവലഴിക്കുന്ന മുഹൂർത്തങ്ങൾ ഈ വളർച്ചയുടെയും തിരിച്ചറിവുകളുടെയും നിലങ്ങൾ തന്നെയാണ്.

ദൈവവിളികൾക്കുവേണ്ടിയുള്ള പ്രാർത്ഥനാസന്ദേശത്തിലൂടെ ഫ്രാൻസിസ് മാർപാപ്പ ആഗോളക്രൈസ്തവ സമൂഹത്തിന്റെ സമീപനരീതിയിലെയും മാനസികനിലയിലെയും മാറ്റങ്ങൾക്ക് പ്രചോദനമാകുകയാണ്. കേരളകത്തോലിക്കാസഭയുടെ ഇന്നത്തെ ശൈലികളുടെ വെളിച്ചത്തിൽ ചില സൂചനകൾ ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനുമായി നാം തിരഞ്ഞെടുക്കേണ്ടതുണ്ട്. പരിശുദ്ധ പാപ്പ സൂചിപ്പിച്ച മൂന്ന് സുവിശേഷഭാഗങ്ങളെ ആസ്പദമാക്കി ചില ധ്യാനശകലങ്ങൾ മുന്നോട്ട് വയ്ക്കട്ടെ.

**I. ദൈവം മുളപ്പിക്കുന്ന വിത്തുകളെ ധ്യാനിച്ച് പ്രവർത്തനമണ്ഡലങ്ങളിലേയ്ക്ക് നാം ഇറങ്ങിത്തിരിക്കേണ്ടതുണ്ട്.**

1. ദൈവം നൽകിയ വിത്ത് വിതയ്ക്കുവാൻ ആളുണ്ടാകണം. 'ആരെനിക്കായ് പോകും' എന്ന ചോദ്യം ഇന്നും പ്രസക്തമാണ്.

2. വിതക്കാരൻ നല്ല വിത്ത് ശേഖരിച്ച് വിതയ്ക്കണം. അത് ഔദാര്യമല്ല, ദൗത്യമാണ്. ദൈവവിളികളെ പിൻചെന്ന് പ്രേഷിതരാകുവാൻ കുട്ടികളെയും മുതിർന്നവരെയും ക്ഷണിക്കണം. വ്യക്തമായിത്തന്നെ.

3. പ്രത്യാശയോടെ കാത്തിരിക്കണം. വളർച്ച നൽകുന്നത് ദൈവമാണെന്നറിഞ്ഞുകൊണ്ട് വിതച്ചശേഷം പ്രാർത്ഥനാനിർഭരമായി കാത്തിരിക്കാനാകണം. മതാദ്ധ്യാപകരുടെയും വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെയും പ്രവർത്തനത്തിന് അപ്പപ്പോൾതന്നെ പ്രതിഫലം വേണമെന്ന വാശി അരുത്.

II. **നിരാശയുടെ യാമങ്ങളിലും തെരുവിന്റെ പ്രാർത്ഥനാക്രമങ്ങളുമായി ദൈവം കൂടെനടക്കുന്നു എന്ന തിരിച്ചറിവിൽനിന്ന് നാം പ്രചോദിതരാകണം.**

1. ശീലിച്ചുവന്ന ഘടന - സംഘടനാരീതികൾക്കുമപ്പുറം നിരാശയിലും ഇരുട്ടിലും ജീവിക്കുന്നവരുടെ കൂടെ നടന്ന് അവർക്ക് പ്രചോദനം നൽകുവാനും അവരുടെ കാഴ്ചകൾക്ക് തെളിമ നൽകുവാനും ആവണം ഓരോ ദൈവവിളിയും.

2. സഭ നേതൃസ്ഥാനങ്ങളിൽ ഇരിക്കുന്നവരിലും നയിക്കുവാൻ ചുമതലപ്പെട്ടിരിക്കുന്നവരിലും മറ്റുള്ളവർ കാണേണ്ടത് അവരുടെ കൂടെ നടക്കുവാൻ തയ്യാറാകുന്ന യേശുവിനെയാണ്. സാബത്തിന്റെയും നിയമത്തിന്റെയും ചട്ടക്കൂടുകളും അധികാരത്തിന്റെയും സ്വഭാവവൈകല്യങ്ങളുടെയും പ്രതിഫലനമല്ല ദൈവകരുണയാണ് മറ്റുള്ളവർക്ക് വേണ്ടത്. ധാർഷ്ഠ്യവും അഹങ്കാരവും അധികാര-കുത്സിത ശ്രമങ്ങളും ക്രിസ്തുശിഷ്യർക്ക് ചേർന്നതല്ല. അവർ വിളിക്കപ്പെട്ടിരിക്കുന്നത് കരുണയിലേക്കാണ്.

3. ഓരോ പ്രേഷിത പ്രവർത്തനത്തിലും ക്രിസ്തു സഹസഞ്ചാരിയാണ് (സുവിശേഷത്തിന്റെ സന്തോഷം, 266).

III. **ദിവ്യാത്മാവിനാൽ അഭിഷേചിതനായി ദരിദ്രർക്ക് സുവിശേഷം പ്രസംഗിക്കുവാൻ അയയ്ക്കപ്പെട്ട കർത്താവിനെ ധ്യാനിച്ച് ഇനിയും ചില തിരിച്ചറിവുകൾ സ്വായത്തമാക്കണം.**

1. ദൈവാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടവനാണ് ഞാൻ എന്ന തിരിച്ചറിവോടെ അഭിഷേകം ചെയ്യപ്പെട്ടവരും അയയ്ക്കപ്പെട്ടവരും പെരുമാറുക.

2. അഭിഷേകം ചെയ്യപ്പെട്ടത് സ്വന്തം കൂടാരത്തിലും സംരക്ഷിത കവചത്തിലും പരിലസിക്കാനല്ല. മറിച്ച്, ദൈവപദ്ധതി വിളിക്കുന്നിടത്തേയ്ക്ക് ഇറങ്ങിത്തിരിക്കാനാണ്. ദൈവാത്മാവിന്റെ അഭിഷേകത്തിന് അതിരുകൾ നിർവ്വചിച്ചുകൂടാ.

3. "ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ" വേണ്ടിയാണ് ഓരോ അഭിഷിക്തനും അയയ്ക്കപ്പെട്ടിരിക്കുന്നത്. സ്വന്തം വ്യക്തിമാഹാത്മ്യത്തെയോ പാരമ്പര്യത്തെയോ സംഘടനകളെയോ സമൂഹത്തെയോ അല്ല പ്രഖ്യാപിക്കേണ്ടത്.

ഫ്രാൻസിസ് മാർപാപ്പ പ്രചോദിപ്പിച്ച ചിന്തകളിൽനിന്ന് കേരളകത്തോലിക്കാസഭയ്ക്ക് പ്രവർത്തനമണ്ഡലത്തിലെത്തിക്കുവാൻ ചില സൂചനകൾകൂടി നൽകട്ടെ.

1. ദൈവവിളി പ്രോത്സാഹനമേഖലയിൽ കൂടുതൽ പേർ പ്രവർത്തിക്കുക; പ്രവർത്തിക്കുന്നവരെ പ്രോത്സാഹിപ്പിക്കുക; കുടുംബങ്ങളിലും ഇടവകകളിലും രൂപതകളിലും ഇവരെ സ്വീകരിക്കുക.

2. വിളിക്കപ്പെട്ടതും നിയോഗിക്കപ്പെട്ടതും ക്രിസ്തുവിനാൽ ആകയാൽ കുടുംബങ്ങളിലും ഇടവകകളിലും ദൈവവിളി സ്വീകരിച്ച് പ്രേഷിതപ്രവർത്തനത്തിന് പോകാൻ താല്പര്യം കാണിക്കുന്ന കുട്ടികളെയും യുവതീയുവാക്കളെയും പ്രോത്സാഹിപ്പിക്കുക, അനുവദിക്കുക: തടയരുത്. "കുട്ടികൾ എന്റെ അടുക്കൽ വരുവാൻ അവരെ അനുവദിക്കുവിൻ."

3. ദിവ്യാത്മാവ് പ്രചോദിപ്പിക്കുന്നിടത്തേയ്ക്ക് പ്രേഷിതപ്രവർത്തനം ചെയ്യുവാനായി അർത്ഥികളെ അനുവദിക്കുക. മനുഷ്യനിർമ്മിത ഘടനകൾ ക്രിസ്തുവിന്റെ പ്രവർത്തനത്തെ തടയരുത്. കുടുംബം, ഇടവക, റീത്ത്, സംസ്ഥാനം, രാജ്യം ... ഇതൊക്കെ പരിധികളായി നിശ്ചയിക്കുന്നത് ദിവ്യാത്മാവിനോ

ടുള്ള തുറവിയില്ലായ്മയാണ്. അറിവോടെ പരിശുദ്ധാത്മാവിനെതിരെ നാം പ്രവർത്തിക്കരുത്.

4. ദിവ്യകാരുണ്യകൂദാശയാണ് സകല ദൈവവിളികളുടെയും ശക്തിസ്രോതസ്സ് എന്നതിനാൽ എല്ലാ ഇടവകകളിലും ദൈവജനം പ്രാർത്ഥനയ്ക്കായി ഒത്തുകൂടുന്ന സകലയിടങ്ങളിലും ദൈവവിളി നിയോഗത്തിനായി ആരാധനകളും പ്രാർത്ഥനകളും സംഘടിപ്പിക്കുക. ദൈവവിളി സ്വീകരിച്ച് സേവനപാതയിൽ ഇറങ്ങിത്തിരിച്ചിരിക്കുന്നവർക്കുവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത ഇന്ന് കൂടിയിരിക്കുകയാണ്.

5. ഇസ്രായേൽ ജനം യുദ്ധത്തിൽ ജയിക്കാനായി മോശയുടെ കരങ്ങൾ ഉയർത്തിപ്പിടിക്കാൻ സഹായികൾ ഉണ്ടായിരുന്നതുപോലെ പുരോഹിതരുടെയും സന്യസ്തരുടെയും ജീവിതമേഖലകളിൽ സഹായവും പ്രാർത്ഥനകളുമായി ഓരോ കുടുംബവും ഓരോ ഇടവകയും കൂടെ ഉണ്ടാകണം. ബലഹീനജീവിതങ്ങളിൽ ആശ്വാസത്തിന്റെയും അനുകമ്പയുടെയും സമീപനങ്ങൾ വിശ്വാസികളുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

6. ഇടയ്ക്കിടയ്ക്ക് നിലനിൽക്കുന്ന ഉതപ്പ് നൽകുന്നതും അവഗണിക്കാനാകാത്തതുമായ മാനുഷിക ഇടർച്ചകളുടെയും ഭീതിപ്പെടുത്തുന്ന സാമൂഹിക അരക്ഷിതാവസ്ഥകളുടെയും ഇടയിലും വിളിക്കുന്നവൻ വിശ്വസ്തനാണെന്നും അവൻ കൂടെയുണ്ടാകുമെന്നും പരസ്പരം ഓർമ്മിപ്പിച്ച്, പ്രോത്സാഹിപ്പിച്ച് പ്രത്യാശയോടെ കർത്താവിനുവേണ്ടി കൂടുതൽ സേവനം ചെയ്യുവാൻ എല്ലാ അഭിഷിക്തരും പരിശ്രമിക്കണം.

7. ക്രൈസ്തവ പൗരോഹിത്യവും സന്യാസവും ഇന്ന് പ്രത്യേകിച്ചും ഉന്നതമൂല്യമുള്ളതാണെന്ന തിരിച്ചറിവാണ് വല്ലപ്പോഴും സംഭവിക്കുന്ന വീഴ്ചകളെ മീഡിയ ആഘോഷങ്ങളാക്കുന്നത്. 'ഇത് ക്രിസ്തുവിന്റെ സഭയാണ്. ഒറ്റുകാരനായ യൂദാസിന്റേതല്ല' എന്ന ആത്മവിശ്വാസത്തോടെ ക്രിസ്തുവിനെയും സഭയെയും സ്നേഹിക്കുവാനും ആ സ്നേഹം പ്രകടമാക്കുവാനും എല്ലാവരും പരിശ്രമിക്കണം.

പ്രിയമുള്ളവരെ സമൂഹത്തിന് അപമാനമായിരുന്ന കുരിശിനെ രക്ഷയുടെ ഉപാധിയാക്കി മാറ്റിയ ക്രിസ്തുവാണ് എല്ലാ ദൈവവിളികളുടെയും അടിസ്ഥാനം. പിൻചെല്ലേണ്ടത് ക്രിസ്തുവിനെ തന്നെയാണ്.

ദൈവവിളി മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും കെ.സി.ബി.സി.യുടെ പേരിൽ ആത്മാർത്ഥമായി നന്ദി പറയുന്നതോടൊപ്പം നിശിതമായി പാവങ്ങളുടെയും കരുണയുടെയും പക്ഷംപിടിച്ചുകൊണ്ട് പ്രവർത്തിക്കുവാൻ കൂടുതൽ നല്ല ഹൃദയങ്ങൾ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

**ബിഷപ്പ് ഡോ. വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മിഷൻ

**ആർച്ച് ബിഷപ്പ് ജോസഫ് പെരുന്തോട്ടം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മിഷൻ

**ബിഷപ്പ് സാമുവൽ മാർ ഇരനേയോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മിഷൻ

---

N.B.: ഈ സർക്കുലർ 2017 മെയ് 7-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

## സർക്കുലർ - 14

# വൈദികരുടെ വാർഷിക ധ്യാനം - 2017

2017-ലെ വൈദികരുടെ വാർഷികധ്യാനം 2017 ജൂലൈ 16 മുതൽ ജൂലൈ 28-ാം തീയതി വരെയാണ്. ആദ്യബാച്ച് ജൂലൈ 16 മുതൽ 21 വരെയും, രണ്ടാമത്തെ ബാച്ച് ജൂലൈ 23 മുതൽ 28 വരെയുമാണ് എന്ന കാര്യം മുൻകൂട്ടി ഓർമ്മിപ്പിക്കുന്നു. വാർഷികധ്യാനത്തിന്റെ മറ്റു വിവരങ്ങൾ താമസംവിനാ നിങ്ങളെ അറിയിക്കുന്നതാണ്.

എറണാകുളം — ✠ ***ജോസഫ് കളത്തിപ്പറമ്പിൽ***

09.04.2017 — വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

# NOTIFICATION - 6

## കൂരിയ നിർദ്ദേശങ്ങൾ

1. **2016–17** സാമ്പത്തിക വർഷത്തിലെ നമ്മുടെ പള്ളികളിലെയും സ്ഥാപനങ്ങളിലെയും കണക്കുകൾ തയ്യാറാക്കി ഓഡിറ്റ് ചെയ്യാൻ അതിരൂപതാ കച്ചേരിയിൽ എത്രയും വേഗം ഏല്പിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഈ വർഷത്തെ വരവിന്റെ 85% ചിലവാക്കിയിട്ടില്ലെങ്കിൽ പുതുക്കിയ Income Tax Act പ്രകാരം ചിലവാക്കാത്ത തുകയ്ക്ക് Income Tax കൊടുക്കേണ്ടി വരും. ആയതിനാൽ നമ്മുടെ പള്ളികളുടെയും സ്ഥാപനങ്ങളുടെയും കണക്കുകൾ ഓഡിറ്റ് ചെയ്ത് ഹാജരാക്കാൻ അവസാന തീയതിവരെ കാത്തിരിക്കരുത്.

2. **2016–ലെ** സെൻസസ് റിപ്പോർട്ടും, മാമ്മോദീസ, വിവാഹം, മരണം എന്നീ രജിസ്റ്ററുകളുടെ കൈയെഴുത്തു കോപ്പിയും ഇനിയും അതിരൂപതാ കച്ചേരിയിൽ ഏല്പിച്ചിട്ടില്ലാത്തവർ താമസംവിനാ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

3. പള്ളികളിൽ നിന്നും അതിരൂപതാ കച്ചേരിയിൽ ഏൽപിക്കേണ്ട വിശേഷാൽ പിരിവുകളും വരവിന്റെ വാർഷിക വിഹിതവും (7%) യഥാസമയം ഏല്പിക്കേണ്ടതാണ്. കൂടാതെ, നൊവേന കേന്ദ്രങ്ങൾ തങ്ങളുടെ വരവിന്റെ 30% അതിരൂപതാ പ്രൊക്കുറേറ്ററുടെ ഓഫീസിലും യഥാസമയം ഏൽപ്പിക്കേണ്ടതാണ്.

എറണാകുളം
09.04.2017

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

# CASUS
# MAY 2017

The English translation of Latin word ***patrinus*** is "sponsor". But the more common terms used are "godfather", or "godparents". While the *CIC* uses "sponsors", ***The Rite of Christian Initiation of Adults*** employs both "sponsors" and "godparents" designating distinct duties to each, although the same person could assume them. "Sponsors are persons who have known and assisted the candidates and stand as witnesses to the candidates' moral character, faith and intention" (*The Rite of Christian Initiation of Adults, n. 10*). Godparents are persons chosen by the candidates on the basis of example, good qualities and friendship, delegated by the local Christian community and approved by the priest" (*The Rite of Christian Initiation of Adults, n. 11*).

The godparents are to be chosen by the adult who is to be baptized or, at infant baptism, by the parents or the person who takes their place. When this is not possible, the pastor or other minister should choose the godparent or godparents. The godparents must have the qualifications for and intention of carrying out this duty (c. 874, §1, 1º).

It is desirable that one's baptismal godparent also serve as the sponsor for confirmation (Can. 893, §2; Congregation for the Discipline of the Sacraments, reply, Nov. 13, 1984; CLD 11: 193). This expresses more clearly the relationship between baptism and confirmation and makes the function and responsibility of the sponsor more effective. Nonetheless, the choice of a special sponsor for confirmation is not excluded (*Rite of Confirmation, No. 5*). It should be noted that Latin uses the same word ***patrinus*** for the sponsor, or godparent, of both baptism and confirmation.

For each adult or infant baptism, irrespective of the gender, either one male or one female sponsor is enough. More than two sponsors (one male and one female) are not permitted (Can. 873).

The *CCEO*, however, places no limitation on the number of sponsors; but there should be at least one sponsor (*Codex Canonum Ecclesiarum Orietalium*, Can. 684, §1). The Syro-Malankara Church has decreed that "the godparent of a male shall be a man and that of female, a woman" (*The Code of Particular Canons of the Syro-Malankara Catholic Church, Trivandrum, 2012, Can. 475*).

Because of the close communion between the Catholic Church and the separated Eastern churches, it is permissible for a just cause that a member of separated Eastern church act as godparent with a Catholic godparent at the Baptism of a Catholic infant or adult, if there is provision for the Catholic education of the person being baptized and the godparents is clearly a suitable one. A Catholic is not forbidden to stand as godparents in a separated Eastern Church if he or she is invited. In this case, the duty of providing for the Christian education of the baptized person binds in the first place the godparent who belongs to the church in which the child is baptized [DE, 98b = Directory for the Application of Principles and Norms on Ecumenism, issued by the Pontifical Council for Promoting Christian Unity, March 25, 1993; *AAS* 85(1993) 1039-1119].

A baptized person who belongs to a non-Catholic ecclesial community may be admitted only as a witness to baptism with a Catholic godparent (Can. 874, §2). A Catholic may do the same for a person being baptized in another community (DE, 98a).

Questions:

1. What is the responsibility of sponsors at baptism according to the Code of Canon Law? (Ref. Can. 872)
2. What does the law say regarding the number of sponsors at baptism? (Ref. Can. 873).
3. What are the qualifications of sponsors? (Ref. Can. 874).

4. Do we instruct our people regarding the significant role of sponsors at baptism?

5. Do we instruct the parents who want to baptize their child to be serious in the selection of sponsors or godparents?

6. Can a cleric or woman religious be a sponsor at baptism?

7. Can a Catholic living in an irregular marital union be a sponsor?

8. Is the practice, whereby a married couple or a male and a female act as sponsors to all the candidates of confirmation, against the spirit of law?

9. Can a person who is not present at the time of baptism be a sponsor by proxy?

10. Can a non-catholic baptized person be a sponsor for baptism? (Ref. Can. 874, §2).

    (*CCEO* 685 §3 for Orientals says, "For a just cause, it is permitted to admit the Christian faithful of another Eastern non-Catholic Church to the function of a sponsor, but always at the same time with a Catholic sponsor").

11. Can a member of an Eastern Orthodox Church be allowed to act as a sponsor together with a Catholic sponsor at the baptism of a Catholic infant or adult? (DE, 98b).

Printed and Published by Fr. Ebigin Arackal
Vimala Social Service Centre, Kakkanad, Kochi - 21